പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1369** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കുട്ടനാട്ടിലെ ടൂറിസം പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കുട്ടനാട് നിയോജകമണ്ഡല പരിധിയിൽ ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** കുട്ടനാട് നിയോജകമണ്ഡല പരിധിയിൽ വരുന്ന വട്ടക്കായൽ ടെർമിനലിലെ റാമ്പ് നിലവിൽ ഡി.ടി.പി.സി. ലീസിനു നൽകിയിരിക്കുകയാണ്.

**(ബി)** കുട്ടനാട്ടിൽ കൂടുതൽ ടൂറിസം പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** ടൂറിസം സാധ്യത, CRZ നിയന്ത്രണങ്ങൾ എന്നിവ പരിശോധിച്ച് വിശദമായ പഠനം നടത്തി പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(സി)** പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കേണ്ട നടപടിക്രമം വിശദമാക്കാമോ;

**<u>മറുപടി:</u>** ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട അധികാരികൾ മുഖേന ടൂറിസം വകുപ്പിന് സമർപ്പിക്കാവുന്നതാണ്. ലഭിക്കുന്ന ശിപാർശകൾ പ്രസ്തുത പ്രദേശത്തിന്റെ ടൂറിസം സാധ്യത, അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യത, അടിസ്ഥാന സൗകര്യങ്ങൾ, പദ്ധതിയുടെ പ്രായോഗികത, സാമ്പത്തിക ബാധ്യത, പ്രതീക്ഷിക്കുന്ന പ്രയോജനം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ച് വകുപ്പ് തലത്തിൽ വിശദമായി പരിശോധിക്കുന്നതാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും അംഗീകൃത നടപടി ക്രമങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീരുമാനം എടുക്കുകയും ചെയ്യുന്നതാണ്.

**(ഡി)** ഏറെ ടൂറിസ്റ്റുകൾ എത്തുന്ന കുട്ടനാട്ടിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**